# പ്രസന്നതകൾ

**ഇടശ്ശേരി**

"ഏട്ടന്റെ പിറന്നാളിനു പായസം വെയ്ക്കണം" കൊച്ചുമാലതി നാക്കിൽ വെള്ളം ഊറിക്കൊണ്ട് അഭിപ്രായപ്പെട്ടു. സഹോദരന്മാർ – വല്യേട്ടനും ഏട്ടനും – അതിനെ പരിപൂർണമായി പിന്താങ്ങി. ആ ഏകകണ്ഠമായ അഭിപ്രായത്തിന് എതിരുനിൽക്കാൻ എന്റെ കീശയുടെ കനക്കുറവിനും ത്രാണിയുണ്ടായില്ല, കുടുംബിനിയുടെ 'മുറുമുറു'പ്പിന്നും ത്രാണിയുണ്ടായില്ല. അത്രയുമായപ്പോൾ ഞാനന്ന് ആഫീസിൽ പോകേണ്ടെന്നു തീർച്ചയാക്കി.

ഞങ്ങൾ ഉണ്ണാനിരുന്നു. ഏട്ടന്റെ കൊച്ചുശിരസ്സിൽ അമ്മ അരിയും പൂവുമിട്ടപ്പോൾ മാലതി ഒരു സവിശേഷഭാവത്തോടെ മന്ത്രിച്ചു – "എന്റെ പിറന്നാളിന് എന്റെ തലേലും അമ്മ അരിയും പൂവുമിടും."

തേച്ചുകുളിയും കഴിഞ്ഞു മക്കളുടെകൂടെയിരുന്നു പിറന്നാൾസ്സദ്യ സമൃദ്ധിയായുണ്ടപ്പോൾ ആപ്പീസുകാര്യങ്ങളും കുലുമാലുകളുമെല്ലാം ഞാൻ മറന്നിരുന്നു.

അസാമാന്യമായി വയർ വീർത്തുപോയതുകൊണ്ടു കൈകഴുകിയ വഴിക്ക് ഒന്നു 'ചായണ'മെന്നു തോന്നി. മെല്ലെ, അർദ്ധപ്രജ്ഞയും നേരിയ തലവേദനയുമായി ഞാനങ്ങു കിടക്കുകയും ചെയ്തു. മക്കൾ കളിച്ചുതിമർക്കുന്നുണ്ട്, കൂക്കിവിളിയും കരച്ചിലും ചിരിയും ലഹളയും. ഈച്ചകളും ശല്യപ്പെടുത്തുന്നുണ്ട്. പക്ഷേ, സുഖകരമായ ഒരുറക്കത്തിനുള്ള പശ്ചാത്തലം സൃഷ്ടിക്കുന്നതിൽ ഈ ചില്ലറ സ്വൈരക്കേടുകൾ നല്ലതാണെന്ന് അനുഭവംകൊണ്ട് എനിക്കറിയാം. പ്രശാന്തവും മൂകവുമായ ഒരു കിടപ്പുമുറി എപ്പോഴും എന്നെ ഭയപ്പെടുത്തുകയേ ചെയ്തിട്ടുള്ളു. ഒരു ശവക്കല്ലറയിൽനിന്ന് അത്തരം കിടപ്പറകൾക്കുള്ള ഒരേ ഒരു വ്യത്യാസം മരിച്ചുപോയവരും, നമ്മൾ മരിച്ചാൽ വീണ്ടും ചെന്നുകാണേണ്ടവരുമായ ഈശ്വരന്മാരുടെ ചിത്രങ്ങൾ ചുമരിൽ തൂക്കിയിരിക്കുമെന്നുള്ളതാണല്ലോ.

ജനൽ തുറന്നുകിടക്കുന്നു. കുത്തിത്തറയ്ക്കുന്ന വെളിച്ചം അതുവഴി നേരിട്ടു കടന്നുവരികയാണ്. അതടയ്ക്കാൻ വയ്യ, വാതലില്ല. ഞാൻ ചാരുകസേരയെടുത്ത് അതിന്നുനേർക്കു കുത്തിച്ചാരിനിർത്തി. എന്നിട്ടും ഒരസ്വാസ്ഥ്യം. വയർ അസാധാരണമായി വീർത്തിരിക്കുമ്പോൾ തലച്ചോറിലേക്ക് ആവശ്യത്തിലധികം രക്തം തള്ളിയെത്താറുണ്ടോ? ഏതായാലും അവിടെയൊരസ്വാസ്ഥ്യമുണ്ട്; രസമില്ലാത്ത പല ചിത്രങ്ങളും വരയ്ക്കുകയും മായ്ക്കുകയും വീണ്ടും വരയ്ക്കുകയും ചെയ്തുകൊണ്ട് എന്തോ ഒന്നവിടെ പ്രവർത്തിക്കുന്നുണ്ട്. ആഫീസുകാര്യങ്ങൾ ഒന്നു വിട്ടിരുന്നു ഞാൻ കാണുകയാണ്; പിന്നെപ്പിന്നെ അതിൽ മുഴുകിലയിക്കുകയും. ഹർജിയെഴുതിക്കാൻ വന്നവർ അക്ഷമരായിരിക്കുന്നു; കോപ്പനും അബ്ദുറഹിമാനും ഒരേസമയത്തു സ്വന്തം ആവലാതികൾ പറഞ്ഞുതുടങ്ങുക; കടലാസെടുത്തു മടക്കി ദ്രുതഗതിയിൽ മറ്റൊരാളുടെ ഹർജി ഞാൻ തയാറാക്കുക; ഇതൊക്കെയാണ് രംഗം.

ഇടയ്ക്ക് ഏതാണ് ഒരു മുഖം? ഓ, ശരി ആ നേർക്കുനേരെയുള്ള സവിശേഷവും അർത്ഥഗർഭവുമായ ഒട്ടുനേരത്തെ തുറിച്ചുനോക്കും മുഖത്തു പെട്ടെന്നുവരുന്ന നിർവികാരതയും ഇളിഞ്ഞ ചിരിയും നിശ്ശബ്ദതയും ആ ഒരു തരക്കാർക്കു മാത്രമല്ലേ ഉള്ളൂ, കടംപിരിക്കാൻ വരുന്നവർക്ക്! കടക്കാരൻ ചാപ്പൻനായരുതന്നെ. അയാളോടു വാങ്ങിയ നാല്പതുറുപ്പിക ഇന്നുച്ചയ്ക്കു മടക്കിക്കൊടുക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്, അയാൾ എത്തിക്കഴിഞ്ഞു.

കടം പിരിക്കാനാണെങ്കിൽ നമ്മുടെ ആളുകൾ എത്ര കൃത്യസമയത്ത് എത്തും; എന്നിട്ടും നമ്മുടെ ജനങ്ങൾ ആക്ഷേപിക്കപ്പെടുന്നു 'പഞ്ചാൽ' അല്ലെന്ന്.

മി. ചാപ്പൻനായരെ ഞാൻ അടുത്തിരുത്തി. "ഓ, അപ്പോൾ സമയമായി, ഇല്ലേ? ഈ തിരക്കിൽ ഞാൻ അക്കാര്യം മറന്നിട്ടില്ല. മറക്കാനും വയ്യ. അന്ന് അത്തരം ഒരുപകാരമാണ് ആ ചെയ്തത്. ഒരു രണ്ടു മണിക്കൂർക്കൂടി കഴിഞ്ഞോട്ടെ. അപ്പുമേനോൻ അപ്പോഴേയ്ക്ക് എത്തും. കുറച്ചു പണംകൊണ്ടുവരാമെന്നു പറഞ്ഞിട്ടുണ്ട്." എഴുതുന്നതിലിടയ്ക്കു ശ്രദ്ധ പതറാതെയും, സ്വന്തം ആവലാതികളെ ഹർജിയിൽ പകർത്തുവാൻ സഗൗരവമായി വിസ്തരിച്ചു പറയുന്നവരോട് ഇടയ്ക്കുള്ള മൂളലും തലയാട്ടലും നിർത്താതെയും ഞാൻ ചാപ്പൻനായരോടു മയറ്റിക്കൂടുകയാണ്. ഗ്രഹപ്പിഴ നോക്കണേ, അപ്പുമേനോനുണ്ട് കയറിവരുന്നു; ആ അലക്കിമടക്കിയ മട്ടും മാതിരിയും ഒരിത്തിരി ഉലയാതെ പതിനാല് നാഴികയും ചവുട്ടി അത്രയും കൃത്യത്തിന്ന്! രണ്ടു മണിക്കൂർ കഴിഞ്ഞേ വരൂ എന്നു ഞാൻ ചാപ്പൻനായർക്ക് ഉറപ്പുകൊടുത്ത അതേ മാന്യൻ. അതുകൊണ്ടായോ? അയാളുണ്ടോ പണംതരാൻ? പണമാണോ ഉണ്ടാക്കേണ്ടത്, അയാളോടു പറയേണ്ട പുതിയ ഒഴികഴിവോ? "പതുക്കെ... മനസ്സേ, ആ സാധു ചാപ്പൻനായരുടെ പ്രതീക്ഷ തകർക്കണ്ട." ഞാൻ എഴുന്നേററു. പരിഭ്രമിച്ചുകൂടാ. മെല്ലെ, 'ഇപ്പോൾ വരാ'മെന്നു പറഞ്ഞു മററുള്ളവരുടെ സമ്മതമോ വിസമ്മതോ നോക്കാതെ അപ്പുമേനോന്റെ കൈയുംപിടിച്ചു ഞാൻ അടുത്ത ചായപ്പീടികയിലേക്കു നടന്നു. മൂപ്പരെ ഒന്നു സമാധാനിപ്പിക്കണം. അയാളെത്തന്നെ ചൂണ്ടിപ്പണയം കാണിച്ചു രാമൻനായരോട് ഒരു എടകൂടി വാങ്ങുകയും വേണം!

എത്ര നല്ലവരാണ് ചാപ്പൻനായരും അപ്പുമേനോനും! എന്താരുപകാരമാണ് അവരെനിക്ക് ചെയ്തുതന്നിട്ടുള്ളത്! എന്നിട്ടും അവരോട് വാക്കുമാറ്റേണ്ടിവന്നു, പലതവണ. ഇത്തവണയും എടപറയണം. പറഞ്ഞാൽ അനുസരിക്കുകയും ചെയ്യും. പക്ഷേ, കൊടുക്കേണ്ടവന്റെ മുഖത്തുനോക്കി 'ഇന്നില്ല' എന്നു പറയേണ്ടിവരുമ്പോൾ ഉള്ളിൽനിന്ന് 'ഒരലാറാം' അടിക്കലുണ്ടല്ലോ, അത് വല്ലാത്തതാണ്, സഹിച്ചുകൂടാത്തതാണ്.

സ്നേഹിതന്മാരോടല്ലേ കടംവാങ്ങുക? അപ്പുമേനോൻ നല്ലൊരു സ്നേഹിതനും. എന്നല്ല സംഖ്യ മടക്കിച്ചോദിക്കാൻ അയാൾക്ക് മടിയുണ്ടായിരുന്നു. പക്ഷേ, പണമാണ്; അതാർക്കും വലിച്ചെറിയാൻ വയ്യ. അതുകൊണ്ട് പ്രകാരാന്തരേണ എന്നെ മനസ്സിലാക്കുകയാണ് ചെയ്തത്. തനിക്ക് വലിയൊരു തിടുക്കമുണ്ടെന്ന് യാദൃച്ഛികമായി പ്രസ്താവിക്കുകയും അതു വിവരിക്കുകയും ചെയ്തപ്പോൾ ഞാൻ തന്നെ കടന്നേൽക്കുകയാണുണ്ടായത്, എന്റെ സംഖ്യയെങ്കിലും അന്നേക്ക് ഒപ്പിച്ചുകൊടുക്കാമെന്ന്. എന്നിട്ട്, ആ സംഖ്യയ്ക്കു വരുമ്പോൾ ഒരു വിവരണവും കൂടാതെ 'ഇന്നില്ല' എന്നുമാത്രം പറഞ്ഞുവിടാൻ ഞാനെന്താ, ഒരു ചെകുത്താനാണോ?

വിവരണം അതെപ്പോഴും ആവശ്യമാണ്. ആവശ്യംപോലെ അതു മനസ്സിൽ ഉദിക്കുകയും ചെയ്യും, നമ്മൾക്കു കുറച്ചു പരിചയമുണ്ടായാൽ മതി. ഞങ്ങൾ ചായകുടിച്ചു; ഇടയ്ക്കു ഞാൻ പതുക്കെ പറഞ്ഞുതീർത്തു, "പണമുണ്ടായിരുന്നു. ആ രാമൻനായർ തലയ്ക്കു തീപ്പിടിച്ചുനടക്കുകയാണ്. നിങ്ങൾ വന്നു കണ്ടില്ല. അപ്പോൾ, അയാൾക്ക് ഒരുപകാരമാവട്ടേ എന്നുവെച്ചു. എങ്ങനെയാണ് ഒരാൾ ചോദിക്കുമ്പോൾ, കൈയിലുണ്ടായിട്ടു കൊടുക്കാതിരിക്കുക! നിങ്ങൾക്കുള്ള അതേ ദൗർബല്യമാണ് എനിക്കും. പക്ഷേ, അതുകൊണ്ടു നിങ്ങൾ കഷ്ടത്തിലായി ഇല്ലേ? ഇന്നു തിങ്കളാഴ്ച. വ്യാഴാഴ്ചയ്ക്കു ശരിപ്പെടുത്താം. എന്താ, വിഷമമായോ!" എനിക്കു മേനോന്റെ കാര്യത്തിലായിരുന്നു അത്യുൽക്കണ്ഠ.

ഭാഗ്യം! "സാരമില്ല. വ്യാഴാഴ്ചമതി." മേനോൻ പണ്ടൊന്നുമില്ലാത്തത്ര മഹാനാണെന്ന് എനിക്കു ബോദ്ധ്യം വന്നു.

"അവിടത്തെ തിരക്കു കണ്ടില്ലേ?" മേനോനോട് അനുവാദവും വാങ്ങി ചായപ്പീടികക്കാരനോട് 'കാശ് എന്റെ കണക്കിൽ' എന്നും ഏല്പിച്ചു ഞാൻ പുറത്തിറങ്ങി. അക്ഷമനായി ചാപ്പൻനായരുണ്ട് വരുന്നു. നന്നായി മൂപ്പരെ, അപ്പുമേനോൻ നാല് ദിവസത്തെ എടപറയാൻ വന്നതാണെന്നു ഞാൻ നിങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തും. അയാളെ അടുത്ത മറ്റൊരു ചായപ്പീടികയിലേയ്ക്കു ഞാൻ വലിച്ചുകയററി.

ചാപ്പൻനായർ പറഞ്ഞു– "ഞാൻ ചായ കുടിക്കാറില്ല. കോളറ കുറേശ്ശെ ഉണ്ടെന്നല്ലേ കേൾക്കുന്നത്?"

"ഹെയ്, ഈ ഭാഗത്തൊന്നുമില്ല." ഞാൻ ചായയ്ക്ക് ഓർഡർ കൊടുത്തു: ചൂടുള്ള, മധുരമുള്ള ഒരു കോപ്പച്ചായ പലപ്പോഴും ആളുകളെ കൂടുതൽ സൗജന്യശാലികളാക്കുന്നു. ചാപ്പൻനായരേയും ഒരുവിധം സമാധാനപ്പെടുത്താൻ കഴിഞ്ഞു. വാസ്തവത്തിൽ എല്ലാം നല്ലവരാണ്. ഇവരൊക്കെ? എന്നിട്ടും ഒന്നിനുപുറകേ മറ്റൊന്നായി നുണകൾ തട്ടിമൂളിക്കേണ്ടിവരിക എന്നതോ? അതും പൊളിയുന്ന നുണകൾ! ഓരോ പൊളിച്ചലോടുകൂടി വക്താവിന്റെ സ്ഥിതിവിശേഷം അടർന്നടർന്നു പോകുന്ന അത്തരമൊന്നാണ് നുണ.

അപ്പുമേനോൻ പുറത്തിറങ്ങും. ചാപ്പൻ നായരുമിറങ്ങും. ഒപ്പമാണ് രണ്ടാളും പോവുക. അപ്പോഴോ? ഒരു പാമ്പിഴഞ്ഞു മേൽക്കയറുന്ന അനുഭവമുണ്ടായി എനിക്ക്.

പറയട്ടെ. അറിയട്ടെ. ഓ, ഇവന്മാരുടെ ഒരു സഹായം! മടക്കിക്കൊടുക്കില്ലേ? മണിക്കൂറുവെച്ചു ഒരു പിരിക്കാൻ വരല്! ആരെങ്കിലും ഓടിപ്പോകുമോ? എന്നിലെ മാന്യത ശുണ്ഠികടിച്ചു. പക്ഷേ, എന്തായാലും പരിഭ്രമിച്ചുകൂടാ.

ആദ്യത്തെ ചായപ്പീടികയിൽനിന്ന് ഒരോക്കാനം കേട്ടു. അതാ ഒന്നുകൂടി. ചാപ്പൻനായർ കോപ്പ താഴെവച്ചു. ഞങ്ങൾ ഇറങ്ങിനോക്കി. ചായപ്പീടികക്കാരൻ അപ്പുമേനോനെ താങ്ങിക്കിടത്തുന്നു. "ഞാൻ പറഞ്ഞില്ലേ, ഇവിടെയൊക്കെ കുറേശ്ശെ കോളറയുണ്ട്." ചാപ്പൻനായർ പിറുപിറുത്തു.

എന്റെ അനുതാപം ചുണ്ടിലെത്തി. "അല്ലാ, അപ്പുമേനോനാണല്ലോ അത്! ഈശ്വരാ!"

ചാപ്പൻനായർ എന്റെ മുഖത്തുനോക്കി. തനിക്കും കോളറ പിടിച്ചേയ്ക്കുമെന്ന ഭയമോ; അതോ, അപ്പുമേനോനെ ചൂണ്ടിക്കാണിച്ചു ഞാൻ പറഞ്ഞ അവധി ഇനിയെങ്ങനെ എന്ന ചോദ്യമോ, എന്തായിരുന്നു ആ മുഖത്തെന്നു പറയാനാവില്ല. എനിക്കാകട്ടെ എന്റെ ഏറ്റവും നല്ല സ്നേഹിതനായ അപ്പുമേനോൻ ഈ അത്യാപത്തിലകപ്പെട്ടിരിക്കുമ്പോൾ എന്തിനെയെങ്കിലും പറ്റി വല്ലതും ആലോചിക്കാൻ കഴിയുമോ!

ഞാൻ ഉണർന്നു. അന്തിവെയിൽ കടന്നുവരുന്ന ജനാലയ്ക്കടുക്കെച്ചെന്നു, കസേര വലിച്ചുമാറ്റി പുറത്തേയ്ക്കൊന്നു നോക്കി. അദ്ഭുതം! അയൽപക്കത്തുള്ള എന്റെ സഹപ്രവർത്തകനും ജനാലയ്ക്കൽ വന്നു നിൽക്കുകയാണ് ഉറക്കമുണർന്നിട്ട്. മൂപ്പരുടെ മുഖവും പ്രസന്നമാണ്. അഥവാ, നമ്മുടെ ഈ കാലഘട്ടത്തിൽ എല്ലാ സുഹൃത്തുക്കളും കിടന്നുറങ്ങുന്നത് സ്വന്തം കടക്കാർ കോളറ പിടിച്ചു മരിച്ചു എന്നു സ്വപ്നം കാണാനാണ്; ഉണർന്നെഴുന്നേൽക്കുന്നതോ, ഇതുപോലെ ജനാലയ്ക്കൽ വന്നുനിന്ന് ആർക്കും കടന്നു വരാവുന്ന പടിവരമ്പത്തേയ്ക്ക് ഒന്നു നോക്കുവാനും!

1123 ചിങ്ങം